കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എസ്.ഡി-4/1414 /2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994-256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 29.12.2018

.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,30
കാസറഗോഡ്.

പ്രസിഡന്റ് ,

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്. (സെക്രട്ടറി മുഖേന)

സർ,

വിഷയം : കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

***********************************

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോ30ക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കാസറഗോഡ്.

3) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ/ കെ.എസ്.ഡി4 /1414/2018. തിയ്യതി: 29.12.2018

# കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 01-04-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും (I.A.Y.പ്ലാൻ അക്കൗണ്ട് ഒഴികെ), അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.രാജാരാമ.സി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-12-2018മുതൽ 24-12-2018വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.ലോകേഷ് ആചാരി. ബി. | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.തോമസ്.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | ശ്രീ.ജെന കുര്യാക്കോസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ.സുധീഷ്.എൻ.കെ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. മുഹമ്മദ് കുഞ്ഞി ചായിന്റടി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.ശ്രീകുമാർ (ജോയിന്റ് ബി.ഡി.ഒ.) | 01.04.2017 മുതൽ 07.06.2017 വരെ |
| | ശ്രീ.വിനോദ് കുമാർ. സി.വി. | 08.06.2017 മുതൽ 21.06.2017 വരെ |
| | ശ്രീ.അബ്ദുള്ള..അഡി.ചാർജ്ജ്) | 22.06.2017 മുതൽ 03.11.2017 വരെ |
| | ശ്രീ.രാകേഷ്.ടി. | 04.11.2017 മുതൽ 12.01.2018 വരെ |
| | ശ്രീ.സാബു.കെ.മാർക്കോസ് (ജോയിന്റ് ബി.ഡി.ഒ.) | 13.01.2018 മുതൽ 16.02.2018 വരെ |
| | ശ്രീ.രാഗേഷ്.ടി | 17.02.2018 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ക്രമ.നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ്എഞ്ചിനിയർ | അനിത.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | അസിസ്റ്റന്റ്എക്സിക്യൂട്ടീവ് എഞ്ചിനിയർ | രാജീവൻ.യു.വി. | 01.04.2017 മുതൽ 21.04.2017 വരെ |
| | | കമലാക്ഷൻ.പി.കെ. | 22.04.2017 മുതൽ 22.05.2017 വരെ |
| | | രാജീവൻ.യു.വി. | 23.05.2017 മുതൽ 08.11.2017 വരെ |
| | | മിത്ര.വി. | 09.11.2017 മുതൽ 31.03.2018 വരെ |
| 3 | അസിസ്റ്റന്റ് ഡയറക്ടർ കൃഷി | എം.വി.കൃഷ്ണസ്വാമി | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ക്ഷീര വികസന ഓഫീസർ | അനിൽകുമാർ.പി.എൻ. | 01.04.2017 മുതൽ 7.04.2017 വരെ |

| | | | |
|---|---|---|---|
| | | അഞ്ജു കുര്യൻ | 08.04.2017 മുതൽ 16.06.2017 വരെ |
| | | രാജേഷ്.പി. | 17.06.2017 മുതൽ 22.07.2017 വരെ |
| | | അനിൽ കുമാർ.പി.എൻ | 23.07.2017 മുതൽ 16.08.2017 വരെ |
| | | വിധുബാല.എസ്. | 17.08.2017 മുതൽ 31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ ഹോമിയോ -കളനാട് | ഡോ.തസ്നി ഇബ്രാഹിം | 01.04.2017 മുതൽ 5.06.2017 വരെ |
| | | ഡോ.അബ്ദുൾബഷീർ | 06.06.2017 മുതൽ 25.07.2017 വരെ |
| | | ഡോ.രേഷ്മ | 26.07.2017 മുതൽ 3.11.2017 വരെ |
| | | ഡോ.സൈറാ ജോൺ | 4.11.2017 മുതൽ 14.12.2017 വരെ |
| | | ഡോ.ബിനോയ് | 15.12.2017 മുതൽ 31.03.2018 വരെ |
| 6 | ശിശു വികസനപദ്ധതി ഓഫീസർ | ഉഷാകുമാരി | 01.04.2017 മുതൽ 11.04.2017 വരെ |
| | | സുധ.കെ. | 12.12.2017 മുതൽ 20.01.2018 വരെ |
| | | ജ്യോതി.പി. (ഇൻ ചാർജ്ജ്) | 21.01.2018 മുതൽ 31.03.2018 വരെ |
| 7 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | പ്രസന്ന.കെ.എം. | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കുമ്പള | ഡോ.ഈശ്വരനായിക് | 01.04.2017 മുതൽ 31.03.2018 വരെ |
| 9 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.ബദിയഡുക്ക | ഡോ.സത്യശങ്കര ഭട്ട്.പി.വി. | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | പട്ടികജാതി വികസന ഓഫീസർ | ബഷീർ.പി.ബി. | 01.04.2017 മുതൽ 31.03.2018 വരെ |
| 11 | സൂപ്രണ്ട്, മഹിളാമന്ദിരം | ബിന്ദു.കെ.കെ. (ഇൻ ചാർജ്ജ്) | 01.04.2017 മുതൽ 31.03.2018 വരെ |
| 12 | സൂപ്രണ്ട് വൃദ്ധമന്ദിരം | വേക്കന്റ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| | റ്റിൻസി രാമകൃഷ്ണൻ (അധിക ചുമതല) | 05.04.2017 മുതൽ 29.06.2017വരെ |
| | മോണിയമ്മ.കെ.എം. (അധിക ചുമതല) | 30.06.2017 മുതൽ 31.08.2017 വരെ |
| | ആസ്യാമ്മ.ഇ.എ. (അധിക ചുമതല) | 01.09.2017 മുതൽ 15.11.2017 വരെ |
| | പങ്കജാക്ഷൻ.പി.എം. | 16.11.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം


| ക്രമ നം. | ഭാഗം. 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം. 2 | |
| 9 | 2017-18വർഷത്ത വാർഷിക ധനകാര്യ പത്രിക പരിശോധന- അധിക നിരീക്ഷണങ്ങൾ. | 2-1 |
| 10 | ഔദ്യോഗിക രസീതി ഉപയോഗിക്കാതെ ഗുണഭോക്തൃ വിഹിതം ശേഖരിച്ച- അപാകതകൾ | 2-2 |
| 11 | രസീതി ബുക്കുകൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-3 |
| 12 | ഇ-ടെണ്ടർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള | 2-4 |

| | | |
|---|---|---|
| | തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | |
| | ഭാഗം. 3 | |
| 13 | യാത്രാ ബത്ത -ഹോട്ടൽ മുറി വാടക അനുവദിച്ചത് അനുവദനീയമല്ല. | 3-1 |
| 14 | വികസനഫണ്ടിനു പകരം തനത് ഫണ്ട് ചെലവഴിച്ചു -വിനിയോഗിക്കാമായിരുന്ന 1.10 ലക്ഷം പാഴാക്കി. | 3-2 |
| 15 | ഐ.എ.വൈ. ഭവന പദ്ധതിയ്ക്കായി വായ്പയെടുത്തതിന്റെ പലിശ -ബ്ലോക്ക് പഞ്ചായത്തിന് ഭീമമായ ബാധ്യത | 3-3 |
| 16 | മധൂർ ഗ്രാമ പഞ്ചായത്തിൽ വാതക ശ്മശാനം -ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുക തിരികെ നൽകി-നിഷ്ഫലമായ ചെലവ് 30.50 ലക്ഷം രൂപ. | 3-4 |
| 17 | വായവളപ്പ് ഹിദായത്ത്നഗർ വി.സി.ബി നിർമ്മാണം-കൂടുതൽ തുക നൽകിയതും മറ്റ് അപാകതകളും. | 3-5 |
| 18 | വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-6 |
| 19 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളാർഷിപ്പ്. | 3-7 |
| 20 | പരവനടുക്കം വൃദ്ധ-സദന ക്ലിനിക്ക് കെട്ടിടത്തിന്റെ പ്ലാസ്റ്ററിങ് അടർന്നു വീണത്. | 3-8 |
| 21 | പരവനടുക്കം വൃദ്ധ-സദന ക്ലിനിക്ക് വൈദ്യുതീകരണം - 'സ്ഥലം മാറി' നിർവഹണം | 3-9 |
| 22 | ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് ചുറ്റുമതിൽ നിർമ്മാണം - നിർവഹണത്തിലെ അപാകതകൾ | 3-10 |
| 23 | സെക്യൂരിറ്റി നിക്ഷേപം - വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയത് | 3-11 |
| | ഭാഗം. 4 | |
| 24 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 31 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധം

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്
2) ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്
3) റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്
4) ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| | |
|---|---|
| വർഷം | 2017-18 |
| തീരുമാനം നമ്പർ തീയ്യതി | 01/28-03-2017 |
| മുന്നിരിപ്പ് | -0- |
| വരവ് | 51,58,09,300/- |
| ആകെ | 51,58,09,300/- |
| ചെലവ് | 51,57,13,300/- |
| നീക്കിയിരിപ്പ് | 96,000/- |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15.05.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 16.07.2018 | കെ.എസ്.എ-കെ.എസ്.ഡി.3/947/2018. തി. 10-08-2018. (ഓഡിറ്റ്സർട്ടിഫിക്കറ്റ് -ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.) |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.)ബാലൻസ് ഷീറ്റ് B-5 ഷെഡ്യൂൾ പ്രകാരം സെക്യൂവേർഡ് ലോൺ തുക 30,060/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2.)ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് തുക 1,87,149/- രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3.)ബാലൻസ് ഷീറ്റ് B- 11ഷെഡ്യൂൾ പ്രകാരം ഫിക്സഡ് അസ്സറ്റ് തുക 3,63,33,185/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി അസ്സറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
4.)ബാലൻസ് ഷീറ്റ് B- 11(a) ഷെഡ്യൂൾ പ്രകാരം കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുക 1,21,62,976/-രൂപയാണ്. ഈ തുകയുടെ ആധികാരികത പരിശോധിക്കാനായി മരാമത്ത് പണികൾക്ക് മുൻകൂർ നൽകിയതിന്റെ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2017-18 |
|---|---|
| മുന്നിരിപ്പ് | ₹ 5,67,28,311 |
| വരവ് | ₹ 8,77,18,123 |
| ആകെ | ₹ 14,44,46,434 |
| ചെലവ് | ₹ 10,88,65,127 |

| | |
|---|---|
| നീക്കിയിരിപ്പ് | ₹ 3,55,81,307 |

## 1-5 ഫണ്ട് വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്* (₹) | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 4,41,36,267 | 4,41,36,267 | 3,63,06,792 | 78,29,475 | 82.26% |
| വികസനഫണ്ട് എസ്.സി.പി. | 0 | 86,89,000 | 86,89,000 | 68,10,123 | 18,78,877 | 78.37% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 49,23,000 | 49,23,000 | 47,82,818 | 1,40,182 | 97.15% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 56,90,000 | 56,90,000 | 39,20,615 | 17,69,385 | 68.90% |

(* വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, എന്നീയിനങ്ങളിലെ നീക്കിയിരിപ്പ് തുകകൾ സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടതിനാൽ ഈയിനങ്ങളിൽ നീക്കിയിരിപ്പില്ല. ലാപ്സായ തുക കണക്കാക്കുന്നതിന് വേണ്ടി മേൽ ഇനങ്ങളിലെ നീക്കിയിരിപ്പ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് )

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരിപ്പ് (₹) |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3,63,06,792 | 3,63,06,792 | 3,63,06,792 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 68,10,123 | 68,10,123 | 68,10,123 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 47,82,818 | 47,82,818 | 47,82,818 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 39,20,615 | 39,20,615 | 39,20,615 | 0 |
| ട്രഷറി ടി.എസ്.ബി ജനറൽ പർപ്പസ് ഫണ്ട്) | 46,99,414 | 36,02,648 | 83,02,062 | 79,86,457 | 3,15,605* |

| | | | | | |
|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി – സംയുക്ത പദ്ധതി | 0 | 1,09,66,080 | 1,09,66,080 | 1,08,63,027 | 1,03,053* |
| മറ്റ് വിവിധോദ്ദേശ ഫണ്ടുകൾ | | | | | |
| ഐ.എ.വൈ /PMAYപ്ലാൻ | 4,36,16,331 | 22,74,973 | 4,58,91,304 | 2,26,99,116 | 2,31,92,188 |
| ഐ.എ.വൈ /PMAY സ്റ്റേറ്റ് വിഹിതം | 1,69,512 | 1,74,98,018 | 1,76,67,530 | 1,48,75,721 | 27,91,809 |
| ഐ.എ.വൈ. /PMAY കേന്ദ്ര വിഹിതം | 0 | 1,07,160 | 1,07,160 | 2,856 | 1,04,304 |
| ഐ.എ.വൈ./PMAY അഡ്മിനിസ്ട്രേഷൻ | 28,296 | 1,146 | 29,442 | 1,211 | 28,231 |
| S. B. I. (ടി.എസ്.സി) | 49,79,214 | 1,82,170 | 51,61,384 | 1,93,145 | 49,68,239 |
| IWMP Canara Bank | 503 | 10,24,560 | 10,25,063 | 99,261 | 9,25,802 |
| IWMP Other inter-S.B.I. | 3,71,524 | 0 | 3,71,524 | 3,71,524 | 0 |
| IWMP Proj-7 | 890 | 3,12,730 | 3,13,620 | 99,021 | 2,14,599 |
| PMKSY-(PNB) New | 0 | 2,72,955 | 2,72,955 | 0 | 2,72,955 |
| S. B. I. (പലവക ) | 4,66,032 | 1,99,566 | 6,65,598 | 4,13,595 | 2,52,003 |
| മറ്റിനം | 3,492 | 128 | 3,620 | - | 3,620 |

*ട്രഷറി ടി.എസ്.ബി അക്കൗണ്ടിൽ നിന്നും 41,49,789 രൂപയും, ടി.എസ്.ബി. ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും 74,42,511/-രൂപയും സാമ്പത്തിക വർഷാവസാനം സർക്കാർ തിരിച്ചെടുത്തിരുന്നു. ഇതുൾപ്പടെയുള്ള തുകയാണ് പ്രസ്തുത അക്കൗണ്ടുകളിൽ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുകകൾ 2018 ഏപ്രിൽ മാസം ബന്ധപ്പെട്ട അക്കൗണ്ടുകളിൽ തിരികെ വരവ് വന്നിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം | നടപ്പാക്കിയത് | ഭാഗീകമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|

| ലഭിച്ചത്(എണ്ണം) | | നടപ്പാക്കിയത് | | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 117 | 81 | - | 36 | 69.23 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2017-18 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2017-18 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 18 | 4,08,87,392 | 12 | 2,07,08,100 | 50.64% |
| 2 | അസി. എഞ്ചിനിയർ | 52 | 2,59,50,249 | 27 | 1,15,83,507 | 44.63% |
| 3 | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 24 | 1,71,04,463 | 20 | 1,00,01,936 | 58.47% |
| 4 | അസി.ഡയറക്ടർ, കൃഷി | 3 | 31,80,000 | 3 | 30,40,500 | 95.61% |
| 5 | ക്ഷീര വികസന ഓഫീസർ | 1 | 6,00,000 | 1 | 6,00,000 | 100% |
| 6 | മെഡിക്കൽ ഓഫീസർ ഹോമിയോ -കളനാട് | 2 | 1,90,000 | 2 | 1,90,000 | 100% |
| 7 | ശിശു വികസന പദ്ധതി ഓഫീസർ | 4 | 31,57,235 | 3 | 25,25,735 | 79.99% |
| 8 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1,80,000 | 1 | 1,80,000 | 100% |
| 9 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കുമ്പള | 6 | 27,00,000 | 6 | 21,96,345 | 81.34% |
| 11 | പട്ടികജാതി വികസന ഓഫീസർ | 2 | 5,00,000 | 2 | 5,00,000 | 100% |

| | | | | | | |
|---|---|---|---|---|---|---|
| 12 | സൂപ്രണ്ട് മഹിളാ മന്ദിരം | 2 | 2,46,000 | 2 | 2,40,093 | 97.59% |
| 13 | സൂപ്രണ്ട് വൃദ്ധമന്ദിരം | 2 | 1,00,000 | 2 | 94,916 | 94.91% |
| | ആകെ | 117 | 9,47,95,339 | 81 | 5,18,61,132 | 54.70% |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-12-2018തീയതിയിൽ 2.30 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2018 to 15.12.2018 | 2017-18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.11.2016 to 01.12.2016 | 2011-12 to 2015-2016 | 01-02-2017 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന- അധിക നിരീക്ഷണങ്ങൾ.

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപെടുകയുണ്ടായി. ഇവ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതും വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്.

1) ഐ.എ.വൈ പദ്ധതിയ്ക്കായി സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത വായ്പാതുകയുടെ വിശദാംശം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയതിൽ പിശക് സംഭവിച്ചിട്ടുണ്ട്. വായ്പാ രജിസ്റ്റർ പ്രകാരം ആകെ എടുത്ത വായ്പ 96,00,000 രൂപയാണ്. ഇതിൽ 31.03.2017 വരെ 95,69,940/-രൂപ മുതൽ ഇനത്തിൽ ഒടുക്കിയെന്നും, അവശേഷിക്കുന്ന തുക 30,060/- രൂപയാണെന്നും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷം വായ്പായിനത്തിൽ തുക തിരികെ ഒടുക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ബാധ്യതയിനത്തിൽ 31.03.2018 ൽ ഉൾപ്പെടുത്തിയ വായ്പായിനത്തിലെ തുക 30,060/- രൂപയാണ്. എന്നാൽ ബാങ്ക് അധികൃതർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2017 വരെ ബ്ലോക്ക് പഞ്ചായത്ത് ഒടുക്കിയ 95,69,940/- രൂപയിൽ 36,10,692 രൂപ പലിശയിനത്തിലാണ് വകയിരുത്തിയിട്ടുള്ളത്, 59,59,248/- രൂപ മുതലിനത്തിലും വരവ് വെച്ചിട്ടുണ്ട്. നിലവിൽ

40,40,752 രൂപ വായ്പ മുതൽ ഇനത്തിലും, 7,14,051/- പലിശയിനത്തിലും കുടിശ്ശികയുള്ളതായി ബാങ്ക് അധികൃതർ സൂചിപ്പിച്ചിട്ടുണ്ട്. (വായ്പാ കുടിശ്ശികയായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ 40,40,752 രൂപയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. 59,59,248/- രൂപ ഒടുക്കിയാൽ 36,40,752 രൂപയാണ് മുതൽ ഇനത്തിൽ ബാക്കി ഉണ്ടാവേണ്ടത്.എന്നാൽ ബാങ്ക് അധികൃതർ 40,40,752 രൂപ മുതൽ ഇനത്തിൽ ഒടുക്കുവാൻ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.ബാങ്ക് അധികൃതരിൽ നിന്നും വായ്പയുടെ മുതൽ, പലിശ എന്നീയിനങ്ങളിൽ ഒടുക്കിയ തുക യുടെ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.) വായ്പാ തുക, തിരിച്ചടവ് എന്നിവ സംബന്ധിച്ച് വാർഷിക കണക്കിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തുവാനുണ്ടായ സാഹചര്യം പരിശോധിക്കേണ്ടതാണ്. വാർഷിക കണക്കിൽ വായ്പ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മഹാത്മ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഭരണച്ചെലവ് അക്കൗണ്ടിലെ വരവ് ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മഹാത്മ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ ശമ്പളം മറ്റ് ഭരണച്ചെലവുകൾ എന്നിവയ്ക്കായി 2017-18 വർഷം 3.91 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ഈ തുകയും പിന്നീട് അനുവദിക്കപ്പെട്ട തുകകളും 2018 ജൂലൈ മാസം ബ്ലോക്ക് പഞ്ചായത്തിന് തിരികെ നല്കിയിട്ടുണ്ട്. എന്നാൽ 2017-18 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ B 18 ഷെഡ്യൂളിൽ മേൽ തുക ഉൾപ്പെടുത്തിയിരുന്നില്ല. കാരണം വിശദമാക്കേണ്ടതാണ്. അതുപോലെ 2017-18 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ B 18 ഷെഡ്യൂളിൽ ഗുണഭോക്തൃ സമിതി കൺവീനർക്ക് മുൻകൂർ നൽകിയ തുകയിനത്തിൽ ചേർത്ത 3,00,000 രൂപയുടെ കൃത്യത പരിശോധിക്കേണ്ടതാണ്. (മുൻവർഷം ARWSS പദ്ധതി കൺവീനർക്ക് മുൻ കൂർ നല്കിയ 3,00,000 രൂപ ഈ വർഷം അന്തിമ ബിൽ നല്കിയതിനാൽ ക്രമീകരിക്കപ്പെട്ടിട്ടുണ്ട് )

4) വിവിധ കേന്ദ്രാവിഷ്കൃതപദ്ധതി ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ചിട്ടുള്ള പലിശ വരവുകൾ അതാത് ഇനത്തിലെ വരവിനങ്ങളോടൊപ്പം ഉൾപ്പെടുത്താതെ പ്രത്യേകം ഹെഡ്ഡിൽ കാണിച്ചിരിക്കുന്നു. ഇത് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) IAY (പ്ലാൻ) ബാങ്ക് അക്കൗണ്ടിൽ 04-12-2017ന് പലിശയിനത്തിൽ വരവ് വന്ന 3,03,029 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഏത് ഹെഡ്ഡിൽ ഉൾപ്പെടുത്തിയെന്നത് വ്യക്തമാകുന്നില്ല. അതുപോലെ IAY (സ്റ്റേറ്റ് ) അക്കൗണ്ടിൽ പലിശയിനത്തിൽ 04-12-2017 ന് വരവ് വന്ന 60,222 രൂപ വാർഷിക ധനകാര്യ പത്രികയിൽ (RP-8, ഹെഡ് നം. 170100101& 170100199) രണ്ട് പ്രാവശ്യം ഉൾപ്പെടുത്തിക്കാണുന്നു. ഇക്കാര്യങ്ങൾ പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്ത് കണക്കിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്.

## 2-2 ഔദ്യോഗിക രസീതി ഉപയോഗിക്കാതെ ഗുണഭോക്തൃ വിഹിതം ശേഖരിച്ചു- അപാകതകൾ

2017-18 വർഷം നടപ്പിലാക്കിയ കാർഷിക യന്ത്രവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് (Pro.82/17-18) ഗുണഭോക്തൃ വിഹിതം ഇനത്തിൽ 1,93,743 രൂപ 19-05-2018 ന്

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി അസി.ഡയറക്ടർ, നേരിട്ട് ഒടുക്കിയതായി കാണുന്നു. ഇത് ശരിയായ നടപടിക്രമമല്ല. പദ്ധതിപ്രകാരമുള്ള ബില്ല് (12,55,500) ട്രഷറിയിൽ സമർപ്പിച്ചത് 27-11-2017നാണ് 6-01-2018 തുക മാറുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിനുള്ള നടപടികൾ കൃത്യമായി പാലിച്ച് കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് അനുവദിക്കുന്ന രസീത് ബുക്ക് പ്രകാരം തുക ശേഖരിക്കുകയോ, അല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനുമതിയോടുകൂടി ഗുണഭോക്താക്കൾ തുക നേരിട്ട് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്യേണ്ടതിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു രസീതും ഉപയോഗിക്കാതെ ഗുണഭോക്തൃവിഹതം ശേഖരിക്കുകയാണുണ്ടായത്. രസീത് ബുക്ക് ഉപയോഗിക്കാത്തതിനാൽ ഓരോ ഗുണഭോക്താക്കളിൽനിന്ന് പിരിച്ച തുകകളുടെയും, തുക പിരിച്ച തിയതികളുടെയും കൃത്യത വ്യക്തമല്ല. അതുപോലെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ് ബുക്കിലും തുകയുടെ വരവ് ചേർത്തിട്ടില്ല. പദ്ധതി നടപ്പിലാക്കിയ ശേഷം സാമ്പത്തിക വർഷം കഴിഞ്ഞ് ഗുണഭോക്തൃ വിഹിതം പിരിക്കുവാനുണ്ടായ സാഹചര്യത്തെ കുറിച്ച് ഭരണസമിതി അന്വേഷിക്കുകയും രിപ്പോർട്ട് ഓഡിറ്റിനു നഭ്യമാക്കേണ്ടതാണ്.വിശദമാക്കേണ്ടതാണ്. ഭാവിയിൽ ഗുണഭോക്തൃ വിഹിതം ശേഖരിക്കുന്നതിന് മേൽ പരാമർശിച്ച നടപടിക്രമങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-3 രസീതി ബുക്കുകൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

213, 225 എന്നീ ക്രമ നമ്പറുകളിൽ ഉള്ള രസീതി ബുക്കുകളാണ് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ പരിശോധനയ്ക്ക് ലഭ്യമാക്കിയത്. രസീതി ബുക്കുകളുടെ വരവ്, വിതരണ വിവരം എന്നിവ രേഖപ്പെടുത്താൻ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവിധ ഫോമുകളുടെ വിവരം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററിലാണ് ഇവയുടെ വിവരം രേഖപ്പെടുത്തുന്നത്. ഇതിൽ 213-ാം നമ്പർ ബുക്ക് ബ്ലോക്ക് ഓഫീസിലും, 225-ാം നമ്പർ ബുക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഓഫീസിലും ഉപയോഗിക്കുന്നു. ഇവ 2016-17വർഷം മുതൽ ഇപയോഗിച്ച് വരുന്നവയാണ്. 2018-19 വർഷത്തിലും ഇവ തന്നെ ഉപയോഗിച്ച് വരുന്നു. 31-03-2018 വരെയുള്ള പിരിവിന്റെ വിശദാംശങ്ങളാണ് ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ചത്. രസീതി ബുക്കുകളുടെ വരവ്, വിതരണ വിവരം എന്നിവ പ്രത്യേക സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും, ഇവയുടെ ഉപയോഗം സാമ്പത്തിക വർഷം അനുസരിച്ച് ക്രമപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഇ-ടെണ്ടർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഇ-ടെണ്ടർ നടപടിക്രമങ്ങൾ നിലവിൽ വന്ന 2014-15 വർഷം മുതൽ, ഇപ്രകാരം നടപ്പിലാക്കിയ പ്രവർത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.12.2018 ൽ നൽകിയ ഓഡിറ്റ് എൻക്വയറി 06 ന് മറുപടി നൽകുകയുണ്ടായില്ല. ഈ റിപ്പോർട്ടിനുള്ള മറുപടിക്കൊപ്പം 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ, ഇ.ടെണ്ടർ നടപടികൾ

പൂർത്തിയാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ്, എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത തുകയുടെയും, ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 യാത്രാ ബത്ത -ഹോട്ടൽ മുറി വാടക അനുവദിച്ചത് അനുവദനീയമല്ല.

സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ശ്രീ. റ്റി.ഡി.കബീറിന് 2018-ഫെബ്രുവരിയിൽ വടകരയിൽ ക്ഷീര കർഷക സംഗമ പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള യാത്രബത്തയിനത്തിൽ Ch.No.2795180/16-03-2018 ₹4,001/- അനുവദിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് താമസിക്കുന്നതിനുള്ള ഡി.എ. നല്കുന്നതിന് പകരം ഹോട്ടൽറൂം വാടകയിനത്തിൽ 2,761 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് അനുവദനീയമല്ല. റൂം വാടകയിനത്തിൽ അനുവദിച്ച തുകയിൽ നിന്ന് ഇദ്ദേഹം താമസിച്ച സമയത്തേയ്ക്ക് അനുവദനീയമായ ഡി.എ. കുറച്ചശേഷം ബാക്കി തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ തന്നെ ഇദ്ദേഹം സമർപ്പിച്ചിരിക്കുന്ന ക്ലെയിമിൽ യാത്ര ചെയ്ത സമയം, താമസിച്ച സമയം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. നിർദ്ദിഷ്ട ഫോമിലല്ല യാത്രബത്ത ബിൽ തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത യാത്രയ്ക്ക് ഭരണ സമിതി അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്നതും പരിശോധിക്കേണ്ടതാണ്.

### 3-2 വികസനഫണ്ടിനു പകരം തനത് ഫണ്ട് ചെലവഴിച്ചു -വികസനഫണ്ടിൽ നിന്നും വിനിയോഗിക്കാമായിരുന്ന 1.10 ലക്ഷം പാഴായി.

2017-18 വർഷത്തെ കേരളോത്സവം നടത്തിപ്പിനായി വികസനഫണ്ടിൽ നിന്നും ₹ 1.10 ലക്ഷം അടങ്കൽ കണക്കാക്കി പദ്ധതി ആവിഷ്കരിക്കുകയുണ്ടായി (പ്രൊ.നം.)3/17-18). എന്നാൽ അംഗീകരിച്ച പദ്ധതിയ്ക്കു വിരുദ്ധമായി കേരളോത്സവ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നുമാണ് ചെലവ് വഹിച്ചത്. പിന്നീട് ട്രഷറിയിൽ ബില്ല് സമർപ്പിച്ച് തുക തനത് ഫണ്ടിലേയ്ക്ക് റീ ക്രൂപ്പ് ചെയ്യുവാൻ അധികൃതർ ശ്രമിച്ചുവെങ്കിലും ട്രഷറി അധികൃതർ ബില്ല് പാസ്സാക്കി നല്കുകയുണ്ടായില്ല. പദ്ധതി നടത്തിപ്പ് ചെലവ് വികസനഫണ്ടിൽ നിന്നുതന്നെ വഹിച്ചിരുന്നുവെങ്കിൽ തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരില്ലായിരുന്നു. അംഗീകരിച്ച പദ്ധതിപ്രകാരമുള്ള തുക ചെലവഴിക്കുവാൻ സാധിക്കാക്കതിനാൽ സുലേഖ ചെലവ് പത്രികയിൽ മേൽ പ്രൊജക്റ്റിന്റെ ഭാഗമായി ചെലവൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇതേ തുടർന്ന് പദ്ധതി സ്പിൽ ഓവറാക്കി അടങ്കൽ തനത് ഫണ്ടിലേയ്ക്ക് മാറ്റി ചെല് രേഖപ്പെടുത്താനുള്ള നടപടി അധികൃതർ സ്വീകരിച്ചുവരികയാണ്. വിഭവ സ്രോതസ്സ് മാറി 2017-18 വർഷം നടന്ന ചെലവ് സാധൂകരിക്കുന്നതിനായി മാത്രം 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഐ.കെ.എം അധികൃതരിൽ നിന്നും, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അനുമതി നേടിയശേഷം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഇതേ രീതിയിൽ വികസനഫണ്ട് വകയിരുത്തി തയ്യാറാക്കിയ പദ്ധതി രൂപീകരണം, നിർവ്വഹണം എന്ന പ്രൊജക്റ്റിലും ₹ 46,574 തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചത്. വാർഷിക പദ്ധതിപ്രകാരം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ അനുവദനീയമായ ഫണ്ട് തന്നെ വിനിയോഗിച്ച് നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഐ.എ.വൈ ഭവന പദ്ധതിയ്ക്കായി വായ്പയെടുത്തതിന്റെ പലിശ -ബ്ലോക്ക് പഞ്ചായത്തിന് ഭീമമായ ബാധ്യത.

ഐ.എ.വൈ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി സ.ഉ.(എം.എസ്.) നം.90/13 ത.സ്വ.ഭ.വ. തിയതി 14.03.2013 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് കാസറഗോഡ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 2013 ഏപ്രിൽ മാസം 96,00,000/-രൂപ വായ്പയെടുത്തിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടിയിരുന്നത്. എന്നാൽ നാളിതുവരെ പലിശയിനത്തിൽ സംസ്ഥാന സർക്കാരിൽ നിന്നും തുകയൊന്നും തന്നെ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ബാങ്ക് അധികൃതർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2017 വരെ ബ്ലോക്ക് പഞ്ചായത്ത് ഒടുക്കിയ 95,69,940/- രൂപയിൽ 36,10,692 രൂപ പലിശയിനത്തിലാണ് വകയിരുത്തിയിട്ടുള്ളത്, 59,59,248/- രൂപ മുതലിനത്തിലും വരവ് വെച്ചിട്ടുണ്ട്. നിലവിൽ 40,40,752 രൂപ വായ്പ മുതൽ ഇനത്തിലും, 7,14,051/- പലിശയിനത്തിലും കുടിശ്ശികയുള്ളതായി ബാങ്ക് അധികൃതർ സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന സർക്കാരിനെ ബോധ്യപ്പെടുത്തി, സർക്കാരിൽ നിന്നും പ്രസ്തുത വായ്പയുടെ പലിശ തുക ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ബാങ്ക് അധികൃതർ നല്കിയ കണക്കിൽ ചില പൊരുത്തക്കേടുകൾ ഉള്ളത് ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-1ൽ പരാമർശിച്ചിട്ടുണ്ട്.കൃത്യമായ കണക്കുകൾ ലഭ്യമാക്കിയശേഷം സർക്കാരിന് വിവരം കൈമാറുക).ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 മധൂർ ഗ്രാമ പഞ്ചായത്തിൽ വാതക ശ്മശാനം -ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുക തിരികെ നൽകി-നിഷ്ഫലമായ ചെലവ് 30.50 ലക്ഷം രൂപ.

പ്രൊ.നം. 16/17-18 മധൂർ ഗ്രാമ പഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 30,50,000/- രൂപ (ട്രഷറി ബിൽ നം.15/30-10-2017 ₹24,00,000/- & ട്രഷറി ബിൽ നം.18/16-11-2017 ₹ 6,50,000/-) ഗ്രാമ പഞ്ചായത്തിന് കൈമാറുകയുണ്ടായി. എന്നാൽ പദ്ധതിയ്ക്കായി തുക വിനിയോഗിക്കാതെ ഗ്രാമ പഞ്ചായത്ത് അധികൃതർ പ്രസ്തുത തുക 2018 മെയ് മാസം ബ്ലോക്ക് പഞ്ചായത്തിന് തിരികെ കൈമാറുകയുണ്ടായി . (10-05-2018 ന് ബ്ലോക്ക് പഞ്ചായത്ത് ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്). ഗ്രാമ പഞ്ചായത്ത് അധികൃതർ വാക്കാൽ നല്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പോലും പൂർത്തീകരിച്ചിട്ടില്ലയെന്ന് സൂചിപ്പിക്കുകയുണ്ടായി. സംയുക്ത പദ്ധതികൾക്ക് തുക കൈമാറുന്നതിന് മുമ്പ് സ്വീകരിക്കേണ്ട നടപടികൾ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ സൂചിപ്പിച്ചിട്ടുണ്ട്.പ്രസ്തുത നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെ തുക കൈമാറിയതിനാലാണ് മേൽ തുക ചെലവഴിക്കാൻ

സാധിക്കാതെ വന്നത്. സംയുക്ത പദ്ധതികൾക്കായി ലഭ്യമായ തുക തൻവർഷം വിനിയോഗിക്കാൻ സാധിച്ചില്ലെങ്കിൽ ഫെബ്രുവരി മാസത്തിനുള്ളിൽ തുക തിരികെ ബന്ധപ്പെട്ട സ്ഥാപനത്തിന് തിരികെ നൽകേണ്ടതാണെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിക്കാതെ സാമ്പത്തിക വർഷം കഴിഞ്ഞ് തുക തിരികെ നല്കിയതിലൂടെ ബ്ലോക്ക് പഞ്ചായത്തിന് മറ്റ് പദ്ധതികൾക്ക് വിനിയോഗിക്കാമായിരുന്ന തുകയാണ് നിലവിൽ പ്രയോജന രഹിതമായി തനത് ഫണ്ട് അക്കൗണ്ടിൽ സ്ഥിതി ചെയ്യുന്നത്. നിലവിലെ സാഹചര്യത്തിൽ മേൽ തുക സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. എന്നിരുന്നാലും പ്രസ്തുത തുക വിനിയോഗിക്കുവാൻ സാധിക്കാതെയിരുന്നതുമായി ബന്ധപ്പെട്ട വസ്തുതകൾ സംസ്ഥാന സർക്കാരിനെ ബോധ്യപ്പെടുത്തി, തുക മറ്റുപദ്ധതികൾക്കോ അല്ലെങ്കിൽ ഇതേ പദ്ധതിക്കായോ സർക്കാർ അനുമതിയോടെ വിനിയോഗിക്കുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്.സർക്കാർ അനുമതി ലഭ്യമാകാത്ത പക്ഷം തുക സഞ്ചിത നിധിയിൽ അടവാക്കി വിവിരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി വിനിയോഗിച്ച 30,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വായവളപ്പ് ഹിദായത്ത്നഗർ വി.സി.ബി നിർമ്മാണം-കൂടുതൽ തുക നൽകിയതും മറ്റ് അപാകതകളും

പ്രോജക്ട് നം. 45/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എക്സിക്യൂട്ടിവ് എൻജിനിയർ

അടങ്കൽ/എസ്റ്റിമേറ്റ് 15,00,000 രൂപ-CPWD,DSoR 2016,Cost Index 38.24(Ksd)

| | |
|---|---|
| ടി.എസ് .നം. | 91974/2017-18 |
| കരാറുകാരൻ- | എം.കെ.മൊയ്തു,മാസ്തികുണ്ട് |
| കരാർ ഉടമ്പടി നം . | 29/AE/LSGD /KBP/2017-18/06-10-2018 |
| കരാർ തുക | 11,00,580.49 |
| പ്രവൃത്തി പൂർത്തീകരിച്ചതീയതി- | 31-03-2018 |
| എം.ബുക്ക് നം. | 15/17-18 |
| ബിൽ നം/തീയതി | 36/2017-18/31-3-2018 |
| അളവ് മൂല്യം/ബിൽ തുക- | 11,00,580/- |
| ഇൻകം ടാക്സ് റിക്കവറി | 1%-11,006/- |
| വെൽഫെയർ ഫണ്ട് റിക്കവറി | 1%-11,006/- |
| കരാറുകാരനു നൽകിയത തുക | 10,78,568/-രൂപ |
| അക്കൗണ്ട് നം. | 0671081000000008 |

ഈ പ്രവൃത്തിയുടെ 15 മത്തെ ഇനമായ Whitewashing with lime to give an even shade 3 or more coats എന്നതിനു 17.64/m2 എന്ന നിരക്കിനു പകരം 290.32/m2എന്ന നിരക്കു അനുവദിക്കുക വഴി 16,148.11 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് . വിശദാംശങ്ങൾ താഴെ നൽകുന്നു.

| ഇനം | കരാർ പ്രകാരമുള്ള അളവ്/തുക /നൽകാവുന്ന തുക | നൽകിയ തുക | കൂടുതൽ നൽകിയ തുക |
|---|---|---|---|
| Whitewashing with lime to give an even shade 3 or more coats- | 56.40SqM x17.64 = 994.97<br>59.22x17.64= 1044.64.<br>(5% കൂടുതൽ) | 59.22 Sq M x 290.32=<br>17,192.75 രൂപ | 16,148.11 |

കൂടുതൽ നൽകിയ തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കേണ്ടതാണ്.

ഈ പദ്ധതി നടത്തിപ്പിൽ മറ്റു അപാകതകൾ ചുവടെ നൽകുന്നു.

1)പ്രസ്തുത വി.സി.ബി.നിർമ്മിച്ചിരിക്കുന്നത് മധൂർ പഞ്ചായത്തിന്റെ 362 ആർ.എസ്.നമ്പറിലാണ്. ഈ പദ്ധതിയുടെ ആയകെട്ട് സർട്ടിഫിക്കറ്റ് പ്രകാരം മൊത്തം വിസ്തീർണ്ണം 2.8085 ഹെക്ടർ.1.576 ഹെക്ടർ സ്ഥലത്തെ വിളകൾക്ക് മാത്രം വി. സി. ബി. ഉപയോഗപ്രദമാകുമെന്ന് പറയുന്നുണ്ട്.

2.)വി.സി.ബി. യുടെ നീളം 5 മീറ്റർ,വീതി 3 മീറ്റർ, ഉയരം1.5 മീറ്റർ. വി. സി. ബി. യുടെ ഒരു വശത്ത് പഞ്ചായത്ത് റോഡ് സമ്പർക്കം ഉണ്ടെങ്കിലും മറുവശത്ത് റോഡ് സമ്പർക്കം ഇല്ല. ഇവിടെയുള്ളത് സ്വകാര്യ വ്യക്തിയുടെ സ്ഥലമാണ്. റോഡ് കണക്ഷൻ ഇല്ലാതെ 3 മീറ്റർ വീതിയിൽ വി. സി. ബി. നിർമ്മിക്കേണ്ടി വന്നതിന്റെ ആവശ്യകത വ്യക്തമല്ല

(ഓഡിറ്റ് അന്വേഷണം നം. 6 തിയതി 22-12-2018)

## 3-6 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2017-18 സാമ്പത്തിക വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 85,30,000/- രൂപ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ടസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ. നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ നം./ തിയതി | തുക (₹) | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം. 164/18 ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത വീടുകൾക്ക് വിഹിതം കൈമാറൽ | Bill.No.48/dt. 26-02-2018 54,50,000/- | 38,00,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | | 16,50,000/- | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| 2 | സെക്രട്ടറി | പ്രൊ.നം.126/18 ബദിയഡുക്ക ഗ്രാമ പഞ്ചായത്തിൽ വാതക ശ്മശാനം | Bill.No.9/dt. 28-09-2017 ₹12,80,000/- | 12,80,000/- | ബദിയഡുക്ക ഗ്രാമ പഞ്ചായത്ത് |
| 3 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി. കുമ്പള | പ്രൊ.നം.99/168 പാലിയേറ്റീവ് കെയർ പദ്ധതി-ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | Bill.No.1/dt. 11-09-2017 ₹12,00,000 | 2,00,000 | ബദിയഡുക്ക ഗ്രാമ പഞ്ചായത്ത് |
| | | | | 2,00,000 | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| | | | | 2,00,000 | ചെമ്മനാട്ഗ്രാമ പഞ്ചായത്ത് |
| | | | | 2,00,000 | മധൂർ ഗ്രാമ പഞ്ചായത്ത് |
| | | | | 2,00,000 | മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്ത് |
| | | | | 2,00,000 | കുമ്പള ഗ്രാമ പഞ്ചായത്ത് |
| 4 | ക്ഷീര വികസന ഓഫീസർ | പ്രൊ.നം. 65/118 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | Bill.No.1/dt. 29-09-2017 ₹2,75,000 | 2,00,000/- | ബദിയഡുക്ക ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | | Bill.No.1/dt.<br>11-10-2017<br>₹3,25,000/- | 75,000/- | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| | | | | 40,000/- | കുമ്പള ഗ്രാമ പഞ്ചായത്ത് |
| | | | | 2,85,00/- | ചെമ്മനാട് ഗ്രാമ പഞ്ചായത്ത് |
| | | | ആകെ | 85,30,000/- | |

## 3-7 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളാർഷിപ്പ്

പ്രോജക്ട് നം. 68/18 (ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്)
അടങ്കൽ തുക 9,00,000 രൂപ

ചെലവ് രൂപ 8,84,235രൂപ

ശിശു വികസന ഓഫീസർ ബിൽ നം. 2/2017-18 തിയതി 10-09-2017 പ്രകാരം 8,84,235 രൂപ ട്രഷറിയിൽനിന്നും പിൻവലിച്ച് മുകളിൽ കാണിച്ച പദ്ധതിക്കായി 5 ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ ചെങ്കള പഞ്ചായത്തിനു നൽകിയ 2,48,330 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ചുവടെ ചേർത്ത ഗ്രാമപഞ്ചായത്തുകൾ നല്കിയ വിനിയോഗ സാക്ഷ്യ പത്രങ്ങൾ പ്രകാരം 6,018 വിനിയോഗിക്കുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക സഞ്ചിത നിധിയിൽ അടവാക്കി ചലാൻ രസീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.വിശദാംശം ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | നൽകിയ തുക | ചെലവായ തുക | ബാക്കി തുക |
|---|---|---|---|
| മൊഗ്രാൽ പുത്തൂർ പഞ്ചായത്ത് | 1,83,000 | 1,77,600 | 1,938 |
| മധൂർ പഞ്ചായത്ത് | 2,85,580 | 2,81,500 | 4,080 |

## 3-8 പരവനടുക്കം വൃദ്ധ-സദന ക്ലിനിക്ക് കെട്ടിടത്തിന്റെ പ്ലാസ്റ്ററിങ് അടർന്നു വീണത്

വൃദ്ധസദനത്തിന് ഒരു ക്ലിനിക്ക് നിർമ്മിക്കുന്നതിനായി, വികസന ഫണ്ടിൽ (ജ) നിന്നും 7,30,588/- രൂപ (4,06,051 + 2,95,201 (queue)) ചെലവഴിച്ച് 07.09.2017 ൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. കരാർ ഏറ്റെടുത്ത് നിർമ്മാണം നടത്തിയത് ശ്രീ.അബൂബക്കർ

സിദ്ദിഖ്.ബി.ഐ. എന്ന കരാറുകാരനാണ്.

22.12.2018 ൽ ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ ഈ കെട്ടിടത്തിന്റെ മേൽക്കൂരയുടെ (Roof ) പ്ലാസ്റ്ററിങ് അടർന്നു വീണതായി കാണുവാൻ കഴിഞ്ഞു. പണി പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞപ്പോഴേക്കും മേൽക്കൂരയുടെ പ്ലാസ്റ്ററിങ് അടർന്നു വീണതിൽ നിന്നും, പ്രവർത്തിക്ക് വേണ്ടത്ര ഗുണമേന്മയില്ലായെന്ന് കാണാവുന്നതാണ്. നിർമ്മാണ പ്രവർത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥർക്കും, മോണിറ്ററിങ് സമിതിക്കും, വൃദ്ധസദനത്തിനത്തിലെ അധികാരികൾക്കും പിഴവ് പറ്റി എന്ന് കാണാവുന്നതാണ്. അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഭരണസമിതിക്ക് വന്ന കാലതാമസം കൊണ്ട്, വൃദ്ധസദനത്തിനത്തിലെ അന്തേവാസികൾക്ക് അപകടമുണ്ടായില്ല. വൃദ്ധസദനത്തിന്റ പ്രവൃത്തിയിലുണ്ടായ വീഴ്ചയെ കുറിച്ച് അന്വേഷണം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഈ പ്രവർത്തി കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ, എത്രയും വേഗം ഗുണമേന്മ ഉറപ്പു വരുത്തി പൂർത്തീകരിക്കുന്നതാണെന്നാണ്, ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുള്ളത്. പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിർമ്മാണ പ്രവൃത്തികളുടെയും മറ്റും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് ഉത്തരവാദപ്പെട്ട എല്ലാവരുടെയും കാര്യക്ഷമമായ ഇടപെടൽ ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 06 (തിയതി-22.12.2018)

## 3-9 പരവനടുക്കം വൃദ്ധ-സദന ക്ലിനിക്ക് വൈദ്യുതീകരണം - 'സ്ഥലം മാറി' നിർവഹണം

പരവനടുക്കം വൃദ്ധസദനത്തോട് ചേർന്ന് ഒരു ക്ലിനിക്ക് 2017-18 വർഷം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വൃദ്ധസദനത്തിനായി ഒരു ഓഫീസ് കെട്ടിടം 2016-17 വർഷത്തിൽ പൂർത്തീകരിച്ചിരുന്നു.പദ്ധതി നം-19/18 പ്രകാരം വൃദ്ധസദന ക്ലിനിക്കിന്റെ വൈദ്യുതീകരണമാണ് ലക്ഷ്യമിട്ടിരുന്നത്.എന്നാൽ ഓഫീസിനായി നിർമ്മിച്ച കെട്ടിടമാണ് നിലവിൽ വൈദ്യുതീകരിച്ചിട്ടുള്ളത്, ക്ലിനിക്ക് വൈദ്യുതീകരിച്ചിട്ടില്ല. ഇതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച മറുപടി ചുവടെ ചേർക്കുന്നു.

സാധാരണയായി ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും, പ്രവൃത്തി ചെയ്യിക്കുന്നതും, ചെക്ക് മെഷർ ചെയ്ത് ബിൽ തയ്യാറാക്കുന്നതും പി.ഡബ്ല്യു.ഡി.(ഇലക്ട്രിക്കൽ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. മേൽ വിവരിച്ച രണ്ട് കെട്ടിടങ്ങളുടെയും പ്ലാൻ ഒരേ തരത്തിലുള്ളതായതിനാൽ ഇലക്ട്രിക് പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുന്നില്ല. കൂടാതെ വൃദ്ധസദന സൂപ്രണ്ടിന്റെ നിർദ്ദേശവും കൂടി അനുസരിച്ചാണ് , ഒഫീസ് റൂമിനായി നിർമ്മിച്ച കെട്ടിടം വൈദ്യുതീകരണം നടത്തിയത്. ഈ മറുപടി തൃപ്തികരമല്ല. പദ്ധതി നം- 19/18 പ്രകാരം വൃദ്ധസദന ക്ലിനിക്കിന്റെ വൈദ്യുതീകരണമാണ് ലക്ഷ്യമിട്ടിരുന്നത്. അന്തേവാസികൾക്ക്മികച്ച ചികിത്സ ലക്ഷ്യമിട്ടാണ് ക്ലിനിക്ക് നിർമ്മിച്ചതും വൈദ്യുതീകരണം ലക്ഷ്യമിട്ടതും.ഈ ലക്ഷ്യം പൂർത്തീകരിക്കാതെ തുക മറ്റു ആവശ്യങ്ങൾക്ക് വേണ്ടി ചെലവഹിച്ചതിനെകുറിച്ച് വിശദമായ അന്വേഷണം നടത്തി ഓഡിറ്റ് നെ അറിയിക്കേണ്ടതാണ്.

പ്രായാധിക്യം മൂലം കഷ്ടപ്പെടുന്ന അന്തേവാസികൾക്ക് മികച്ചതും ആയാസരഹിതവുമായ ചികിത്സ ലക്ഷ്യമിട്ടാണ് ക്ലിനിക്ക് നിർമ്മിച്ചത്. എന്നാൽ യഥാസമയം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തതിനാലും നിർവഹണത്തിലെ നിർജ്ജീവികതയും കാരണം പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ലായെന്ന് കാണാം. കൂടാതെ ക്ലിനിക്കിന്റെ വൈദ്യുതീകരണത്തിനായി 2018-19 വർഷത്തിലും പദ്ധതി തയ്യാറാക്കിയിട്ടില്ലായെന്നത് പദ്ധതി നിർവഹണത്തിലെ കടുത്ത അലംഭാവത്തിന് ഉദാഹരണമാണ്.

ഓഡിറ്റ് എൻക്വയറി - 06 (തിയതി-22.12.2018)

## 3-10 ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് ചുറ്റമതിൽ നിർമ്മാണം - നിർവഹണത്തിലെ അപാകതകൾ

ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള മാന്യ ശ്മശാനത്തിന് സമീപത്തെ ഒരേക്കർ സ്ഥലത്ത് എസ്.ടി.ഇൻഡസ്ട്രിയൽ പാർക്കും, എസ്.എസ്.സി.ഇൻഡസ്ട്രിയൽ പാർക്കും നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് 2017-18 ൽ നടത്തിയിട്ടുണ്ട്. ഈ പ്രവർത്തികളുടെ (എസ്.ടി.ഇൻഡസ്ട്രിയൽ പാർക്കിന് ചുറ്റമതിൽ നിർമ്മാണം (പ്രോ.നം.138/18), എസ്.സി.ഇൻഡസ്ട്രിയൽ പാർക്കിന് ചുറ്റമതിൽ നിർമ്മാണം (പ്രോ.നം.139/18)) നിർവഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എസ്.ടി.ഇൻഡസ്ട്രിയൽ പാർക്കിന് ചുറ്റമതിൽ നിർമ്മാണം (പ്രോ.നം.138/18)</u>

1). വ്യവസായ പാർക്കിനായി സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്, കാസറഗോഡ് ബ്ലോക്ക്, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ബദിയടുക്ക പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിക്ക് കത്ത് (234/17) നൽകുന്നത് 29.06.2017 ലാണ്. സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, ബദിയടുക്ക പഞ്ചായത്ത് സെക്രട്ടറി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയത് (SC1-5368/17) 19.08.2017 നാണ്. കൂടാതെ വ്യവസായ പാർക്കുകൾക്ക് സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബദിയടുക്ക പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിക്ക് കത്ത് (234/17) നൽകുന്നത് 18.08.2017 നാണ്. എന്നാൽ എസ്.ടി.ഇൻഡസ്ട്രിയൽ പാർക്കിന് ചുറ്റമതിൽ നിർമ്മാണം (പ്രോ.നം.138/18) എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിരിക്കുന്നത് 25.05.2017 നാണ് (നം-1(3)/2017). അതായത് സ്ഥല ലഭ്യത ഉറപ്പു വരുത്തുന്നതിന് മുമ്പെ തന്നെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരിക്കുന്നത്. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

2). ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തു, ആധാരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3). 40 സെന്റ് സ്ഥലം അനുവദിക്കുന്നതായിട്ടാണ് ഭരണസമിതി തീരുമാനത്തിൽ (നം-8(1) തിയതി.25.07.17) സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ സ്ഥലം എത്രയെന്ന് വ്യക്തതയില്ല.

4). ഈ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

<u>എസ്.സി.ഇൻഡസ്ട്രിയൽ പാർക്കിന് ചുറ്റമതിൽ നിർമ്മാണം (പ്രോ.നം.139/18))</u>

1). വ്യവസായ പാർക്കിനായി സ്ഥലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്,കാസറഗോഡ് ബ്ലോക്ക് സെക്രട്ടറി, പട്ടികജാതി വികസന ഓഫീസർ എന്നിവർ ബദിയടുക്ക പഞ്ചായത്ത്

പ്രസിഡന്റ്/സെക്രട്ടറിക്ക് കത്ത് നൽകിയതായി കാണുന്നില്ല (രേഖകൾ ലഭ്യമാക്കിയില്ല). വ്യവസായ പാർക്കുകൾക്ക് സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട കൊണ്ട് കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബദിയടുക്ക പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിക്ക് കത്ത് (234/17) നൽകുന്നത് 18.08.2017 നാണ്. ഈ പദ്ധതികൾക്കായി മാന്യ ശ്മശാനത്തിന് സമീപം ഒരേക്കർ സ്ഥലം വിട്ടു നൽകുവാനുള്ള ബദിയടുക്ക പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടുണ്ട്(നം -14/1, തിയതി - ഇല്ല). എന്നാൽ എസ്.സി.ഇൻഡസ്ട്രിയൽ പാർക്കിന് ചുറ്റുമതിൽ നിർമ്മാണം (പ്രോ.നം.139/18) എന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിരിക്കുന്നത് 25.05.2017 നാണ് (നം-1(3)/2017). അതായത് സ്ഥല ലഭ്യത ഉറപ്പു വരുത്തുന്നതിന് മുമ്പെ തന്നെ പദ്ധതിക്ക് ഭരണാനുമതി നൽകിയിരിക്കുന്നത്.ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

2). ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ സ്ഥലം രജിസ്റ്റർ ചെയ്തു, ആധാരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3). വ്യവസായ പാർക്കിന് അനുവദിച്ച സ്ഥലം എത്രയെന്ന് വ്യക്തതയില്ല.

4). ഈ സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി - 06 (തിയതി-22.12.2018)

## 3-11 സെക്യൂരിറ്റി നിക്ഷേപം - വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ നൽകിയത്

വിവിധ നിർമ്മാണ പ്രവൃത്തികളുടെ കരാർ ഏറ്റെടുക്കുന്ന കരാറുകാർ, കരാർ തുകയുടെ 5% തുക സെക്യൂരിറ്റി നിക്ഷേപമായി സമർപ്പിക്കേണ്ടതാണ്. ഇതിനായി ട്രഷറിയുടെയും, നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കിന്റെയും സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളാണ് പ്രധാനമായും സമർപ്പിക്കുന്നത്. ഇത്തരം സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ വ്യാജ സർട്ടിഫിക്കറ്റുകൾ ഏതാനും കരാറുകാർ നൽകിയതായി അറിയുവാൻ കഴിഞ്ഞു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-6/22.12.2018) നൽകിയ മറുപടി പ്രകാരം 2018-19 വർഷത്തെ മൂന്ന് പ്രവൃത്തികളിൽ വ്യാജ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചതിന് ശ്രീ.മുഹമ്മദ് സയിദ്, പി.ഡബ്ല്യു.ഡി. കോൺട്രാക്ടർ, ബേവിഞ്ച എന്നയാൾക്കെതിരെ കാസരഗോഡ് ടൗൺ പോലീസിൽ പരാതി നൽകുകയും, FIR രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ 2017-18, 2016-17 തുടങ്ങിയ കാലയളവിലെ സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ പരിശോധന നടന്നു വരികയാണെന്നും അറിയിച്ചിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2017-18 | 6,92,000 | പ്രൊ.നം.5/18, പി.എം.എ.വൈ. (ജനറൽ) & പ്രൊ.നം.162/18 പി.എം.എ.വൈ. അധിക വിഹിതം | 1,00,000 | 5,92,000* |
| ജില്ലാ പഞ്ചായത്ത് | 2017-18 | 27,40,234 | പ്രൊ.നം. 150/18ലൈഫ് പദ്ധതി (ജനറൽ) | 33,20,516 | 75,41,484# |
| | 2017-18 | 76,62,000 | പ്രൊ.നം151/18 ലൈഫ് പദ്ധതി (S.C.P.) | | |
| | 2017-18 | 4,59,766 | പ്രൊ.നം. 152/18ലൈഫ് പദ്ധതി (TSP) | | |
| | 2017-18 | 28,000 | പ്രൊ.നം.162/18 പി.എം.എ.വൈ(S.C.P.) | - | 28,000# |
| | 2017-18 | 1,96,000 | പ്രൊ.നം.5/18 പി.എം.എ.വൈ. (ജനറൽ) | - | 1,96,000# |

കുറിപ്പ് :*പി.എം.എ.വൈ. പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച രൂപയിൽ 10,000/-രൂപ ട്രഷറി ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവ് ചെയ്തിട്ടുണ്ട്. അവശേഷിച്ച തുക 5,92,000/- രൂപ ഐ.എ.വൈ. (പി.എം.എ.വൈ.) പ്ലാൻ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത അക്കൗണ്ടിൽ നിന്നും തൻ വർഷം ലഭിച്ച ഗ്രാമ പഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് മാത്രമായി പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് വിഹിതം ചെലവഴിച്ചത് ഉറപ്പുവരുത്തേണ്ടതും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തുകയുടെ വിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതുമാണ്.

** ലൈഫ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ തുക ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 31-03-2018 ൽ ഈയിനത്തിൽ 75.41 ലക്ഷം രൂപ വിനിയോഗിക്കുവാനുണ്ട്. തുകയുടെ ഫണ്ട് തിരിച്ചുള്ള ചെലവ് വിവരം ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാൽ മൂന്ന് പദ്ധതികൾക്കായി ലഭിച്ച തുകയുടെ മൊത്തത്തിലുള്ള ചെലവ് വിവരമാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്

# കൂടാതെ പി.എം.എ.വൈ. പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച, 28,000, 1,96,000 എന്നീ തുകകളും ഐ.എ.വൈ. (പി.എം.എ.വൈ.) പ്ലാൻ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് പ്രസ്തുത തുകയുടെ വിനിയോഗവും ഉറപ്പുവരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന പദ്ധതി | സ.ഉ.(എം.എസ്.) നം.90/13ത.സ്വ.ഭ.വ. തിയതി. 14.03.2013 | 96,00,000 | 40,40,752 | 0 | 0 | 40,40,752* |

*കുറിപ്പ് : ബ്ലോക്ക് പഞ്ചായത്ത് വായ്പാ രജിസ്റ്റർ പ്രകാരം ആകെ എടുത്ത വായ്പ 96,00,000 രൂപയാണ്. ഇതിൽ 31.03.2017 വരെ 95,69,940/-രൂപ മുതൽ ഇനത്തിൽ ഒടുക്കിയെന്നും, അവശേഷിക്കുന്ന തുക 30,060/- രൂപയാണെന്നും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അധികൃതർ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ 59,59,248/- രൂപ മുതൽ ഇനത്തിൽ ഒടുക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 59,59,248/- രൂപ ഒടുക്കിയാൽ 36,40,752 രൂപയാണ് മുതൽ ഇനത്തിൽ ബാക്കി ഉണ്ടാവേണ്ടത്. എന്നാൽ 40,40,752 രൂപ മുതൽ ഇനത്തിൽ ഒടുക്കുവാൻ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വായ്പാ കുടിശ്ശികയായി ബാങ്ക് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ 40,40,752 രൂപയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യം പരിശോധിച്ച് വായ്പായിനത്തിൽ തിരികെ ഒടുക്കിയ തുക മുതൽ , പലിശ എന്നീയിനങ്ങളിൽ വകയിരുത്തിയതിന്റെ കൃത്യമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 (plan) | 2-1 | 2007-08 | 3.66.1 | മുൻകൂർ തുക നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് (ആറ് പ്രവൃത്തികൾ) | നിയമ സഭാ സമിതിയുടെ (16-19) പരിഗണനയിൽ. ലഭ്യമാക്കിയ മറുപടി പരിശോധിച്ച് ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട് |
| 1997-98 (plan) | 2-3 | 2007-08 | 3.66.3 | കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവടങ്ങളിൽ തുക നിക്ഷേപിച്ചത് , വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് | നിയമ സഭാ സമിതിയുടെ (16-19) പരിഗണനയിൽ. വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കി. ഇവ പരിശോധിച്ച് ഡയറക്ടർക്ക് 08-10-2018 ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട് |
| 1997-98 (plan) | 2-4 | 2007-08 | 3.66.3 | നിർമ്മിതി കേന്ദ്രയിൽ തുക നിക്ഷേപിച്ചത് , വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തത് | നിയമ സഭാ സമിതിയുടെ (16-19) പരിഗണനയിൽ. വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമാക്കി. ഇവ പരിശോധിച്ച് ഡയറക്ടർക്ക് 08-10-2018 ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്. |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 8,77,18,123 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 10,88,65,127 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,148/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹30,50,000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5 | ഇല്ല | ₹ 16,148/- | മിത്ര.വി, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.4 | 24,00,000/- | അബ്ദുള്ള.കെ. സെക്രട്ടറി |
| | 6,50,000/ | രാഗേഷ്.ടി. സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മിത്ര.വി, അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | സൗപർണ്ണിക വെള്ളച്ചാൽ, കൊടക്കാട്.പി.ഒ കാസറഗോഡ്.671310 |

## **4-10** <u>തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 6/242/12 തീയ്യതി 16-04-12 | 8 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 3/250/11 തീയ്യതി 05-07-2011 | 14 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 3/251/2011 തീ. 05-07-2011 | 8 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 3/252/2011 തീ. 05-07-2011 | 7 |
| 01-02 | എൽ.എഫ്.കെ.എസ്.ഡി 3/253/2011 തീ. 05-07-2011 | 7 |
| 02-03 | എൽ.എഫ്.കെ.എസ്.ഡി.3/254/2011തീ. 05-07-2011 | 11 |
| 03-04 | എൽ.എഫ്.കെ.എസ്.ഡി 3/255/2011 തീ.0 5-07-2011 | 2 |
| 04-05 | എൽ.എഫ്.കെ.എസ്.ഡി.6/245/2012 തീ. 16-04-2012 | 3 |
| 05-06 | എൽ.എഫ്.കെ.എസ്.ഡി 6/246/2012 തീ. 28-05-2012 | 3 |
| 06-07 | എൽ.എഫ്.കെ.എസ്.ഡി 4/938/2011 തീ. 07-08-2012 | 7 |
| 07-08 | എൽ.എഫ്.കെ.എസ്.ഡി 6/239/2012 തീ. 11-09-2012 | 8 |
| 08-09 to 2010-11 | എൽ.എഫ്.കെ.എസ്.ഡി 8/238/2013 തീ. 26-03-2013 | 21 |
| 2011-12 | എൽ.എഫ്.കെ.എസ്.ഡി 8/775/2013 തീ. 22-02-2014 | 10 |
| 2012-13,2013-14 | എൽ.എഫ്.കെ.എസ്.ഡി 6/1320/2014തീ. 01-01-2015 | 5 |
| 2014-15 | കെ.എസ്.എ. കെ.എസ്.ഡി6/937/2016തീ.18-10-2016 | 7 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി6/199/2017തീ. 22-03-2017 | 7 |
| 2016-17 | കെ.എസ്.എ.കെ.എസ്.ഡി6/1138/2017തീ. 01-11-2017 | 12 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള

പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ/ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.1-3, ഖ.2-1എന്നിവയിൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

തീയ്യതി: 29.12.2018.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2-

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Kasargod Block Panchayat RECEIPT &
PAYMENT STATEMENT

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 56728311.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 150000000 | Sale & Hire Charges | RP-5 | 7900.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57426793.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 28437371.00 |
| 350000000 | Other Liabilities | RP-36 | 49771.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 1511319.00 |
| 180000000 | Other Income | RP-10 | 121885.00 |
| 340000000 | Deposits Received | RP-34 | 145073.00 |
| 350000000 | Other Liabilities | RP-36 | 18011.00 |
| | Grand total | | 144446434.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2039907.00 |
| 220000000 | Administrative Expenses | RP-12 | 1775800.00 |
| 230000000 | Operations & Maintenance | RP-13 | 114089.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3235071.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 61306699.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 724707.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 57753.00 |
| 255000000 | Maintenance Projects | RP-20 | 8314297.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 112.00 |
| 350000000 | Other Liabilities | RP-36 | 817116.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 163848.00 |
| 350000000 | Other Liabilities | RP-36 | 131685.00 |
| 410000000 | Fixed Assets | RP-38 | 6887669.00 |

## അനുബന്ധം- 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Kasargod Block Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 150000000 | Sale & Hire Charges | I-5(b) | 7900.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 78640185.00 |
| 170000000 | Income from Investments | I-7 | 1511319.00 |
| 180000000 | Other Income | I-9 | 121885.00 |
| | Total Income | | 80281289.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2039907.00 |
| 220000000 | Administrative Expenses | I-11(b) | 1775800.00 |
| 230000000 | Operations & Maintenance | I-12(b) | 114089.00 |
| 240000000 | Interest & Finance Charges | I-13 | 163848.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3235071.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 61306699.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 724707.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 57753.00 |
| 255000000 | Maintenance Projects | I-14(e) | 8314297.00 |
| | Total Expenditure | | 77732171.00 |
| | Gross Surplus/ Deficit of income over Expenditure | | 2549118.00 |
| | Gross Surplus/ Deficit of income over Expenditure | | 2549118.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം -4

## ബാലൻസ് ഷീറ്റ്

Kasargod Block Panchayat BALANCE SHEET

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -2176207.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 44954853.00 |
| | Total Reserve & Surplus | | 42778646.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 35581307.00 |
| | Total Grants, Contributions for Specific Purposes | | 35581307.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 30060.00 |
| | Total Loans | | 30060.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 187149.00 |
| 350000000 | Other Liabilities | B-9 | 17524474.00 |
| | Total Current Liabilities and Provisions | | 17711623.00 |
| | TOTAL LIABILITIES | | 96101636.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39913265.00 |
| 411000000 | Accumulated Depreciation | B-11 | -3580080.00 |
| 412000000 | Capital Work in Progress | B-11(a) | 12162976.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 48496161.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 11592300.00 |
| 450000000 | Cash and Bank Balance | B-17 | 35581307.00 |
| 460000000 | Loand, Advances and Deposits | B-18 | 430000.00 |
| | Total Current Assets, Loans and Advances | | 47603607.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |